## പ്രസിദ്ധീകരണത്തിന്

### ജലനിധിയിൽ സോഷ്യൽ ഡവലപ്മെന്റ് കൺസൾട്ടന്റ്

തൃശൂർ : ഒന്നാം ഘട്ട ജലനിധി പദ്ധതി വഴി തൃശൂർ ജില്ലയിലെ 13 ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കിയ കുടിവെള്ള പദ്ധതികളിൽ ഭാഗീകമായോ പൂർണ്ണമായോ പ്രവർത്തനം നിലച്ച പദ്ധതികളുടെ ഗുണഭോക്തൃ സമിതികളെ ജലനിധിയുടെ സുസ്ഥിരതാ പദ്ധതിയിലൂടെ ശാക്തീകരിക്കുന്നതിന് സോഷ്യൽ ഡവലപ്മെന്റ് കൺസൾട്ടന്റുമാരെ തിരഞ്ഞെടുക്കുന്നു. ജലനിധി ഗുണഭോക്തൃ സമിതി രൂപീകരണത്തിലും പദ്ധതി നിർവ്വഹണത്തിലും 3 വർഷത്തെ പ്രവൃത്തിപരിചയമുള്ള എം.എസ്.ഡബ്ല്യൂക്കാർക്കും, എം.എ സോഷ്യോളജിക്കാർക്കും, 5 വർഷമെങ്കിലും പ്രവൃത്തിപരിചയമുള്ള സോഷ്യൽ വർക്ക്, സോഷ്യോളജി, സോഷ്യൽ സയൻസ് ഡിഗ്രിക്കാർക്കും അപേക്ഷിക്കാവുന്നതാണ്. ജലനിധി സുസ്ഥിരതാ പദ്ധതി നടപ്പിലാക്കുന്ന പഞ്ചായത്തുകളിൽ ഉള്ളവർക്ക് മുൻഗണന. താത്പര്യമുള്ള ഉദ്യോഗാർത്ഥികൾ ജനുവരി 17 ന് രാവിലെ 10 മണിയ്ക്ക് തൊടുപുഴ മാതാ ആർക്കേഡിൽ പ്രവർത്തിക്കുന്ന കെ.ആർ.ഡബ്ല്യൂ.എസ്.എയുടെ റീജിയണൽ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിൽ വച്ച് നടക്കുന്ന വാക്ക് ഇൻ ഇന്റർവ്യൂവിൽ ബയോഡേറ്റായും ഒറിജിനൽ സർട്ടിഫിക്കറ്റുകളും അവയുടെ കോപ്പിയും സഹിതം ഹാജരാകുവാൻ താത്പര്യപ്പെടുന്നു. കൂടുതൽ വിവരങ്ങൾ www.jalanidhi.kerala.gov.in ൽ ലഭ്യമാണ്. ഫോൺ നമ്പർ 04862 220445.

Regional Project Management Unit, Idukki * Jalanidhi Thodupuzha * Kerala Rural Water Supply & Sanitation Agency

REGIONAL PROJECT DIRECTOR
Regional Project Management Unit
KRWSA, Thodupuzha

## സോഷ്യൽ കൺസൾട്ടന്റുമാരെ നിയമിക്കുന്നു

സുസ്ഥിരത വികസന പദ്ധതിയിൽ ഉൾപ്പെടുത്തി താഴെ പറയുന്ന തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ സോഷ്യൽ ഡവലപ്മെന്റ് കൺസൾട്ടന്റുമാരെ നിയമിക്കുന്നു.

എരുമപ്പെട്ടി, പാഞ്ഞാൾ, പാണഞ്ചേരി,. മാടക്കത്തറ, വള്ളത്തോൾ നഗർ, മുള്ളൂർക്കര, തിരുവില്ലാമല, പഴയന്നൂർ, വരവൂർ, ആതിരപ്പള്ളി, പരിയാരം, കടങ്ങോട്, തെക്കുംകര

താഴെ പറയുന്ന വ്യവസ്ഥകൾക്ക് അനുസൃതമായി സോഷ്യൽ ഡവലപ്മെന്റ് കൺസൾട്ടന്റുമാരെ നിയമിക്കുന്നതാണ്.

1. യോഗ്യത സോഷ്യൽ വർക്കിൽ അല്ലെങ്കിൽ സോഷ്യോളജിയിലോ ബിരുദാനന്തര ബിരുദവും 3 വർഷം ജലനിധി പ്രവൃത്തി പരിചയവും

   അല്ലെങ്കിൽ

   സോഷ്യൽ വർക്കിലോ, സോഷ്യോളജിയിലോ, സോഷ്യൽ സയൻസിലോ ഉള്ള ബിരുദവും 5 വർഷം ജലനിധിയിൽ ഉള്ള പ്രവൃത്തിപരിചയം.
2. സോഷ്യൽ ഡവലപ്മെന്റ് കൺസൾട്ടന്റുമാരുടെ കാലാവധി 2020 ഏപ്രിൽ മാസം 30 വരെ ആയിരിക്കും.
3. സോഷ്യൽ ഡവലപ്മെന്റ് കൺസൾട്ടന്റുമാരുടെ പ്രതിഫലം ഒരു വീടിന് 140 രൂപ എന്ന നിരക്കിൽ പരമാവധി 1500 ഗുണഭോക്തൃ കുടുംബങ്ങൾക്ക് ഒരു സോഷ്യൽ ഡവലപ്മെന്റ് കൺസൾട്ടന്റ് എന്ന രീതിയിലാണ് തിരഞ്ഞെടുക്കുന്നത്.
4. 500 കുടുംബങ്ങളിൽ കൂടുതൽ വരുന്ന പദ്ധതികളിൽ സോഷ്യൽ ഡവലപ്മെന്റ് കൺസൾട്ടന്റുമാർക്ക് ആ പദ്ധതിയിൽ എത്ര വീടുകൾ അധികം വന്നാലും പരമാവധി 500 വീടുകൾക്ക് മാത്രമെ വേതനം നല്കുകയുള്ളൂ.
5. മേൽപ്പറഞ്ഞ രീതിയിലുള്ള വേതനം TOR ഒപ്പിടുന്നത് അനുസരിച്ചും മൈൽസ്റ്റോൺ അനുസരിച്ചും മാത്രമാണ് നല്കുന്നത്.
6. അതാത് ജില്ലയിൽ നിന്നോ, പഞ്ചായത്തിൽ നിന്നോ ഉള്ള ഉദ്യോഗാർത്ഥികൾക്ക് മുൻഗണന നല്കുന്നതാണ്.

   മേൽ വ്യവസ്ഥകൾ പ്രകാരം താത്പര്യമുള്ള ഉദ്യോഗാർത്ഥികൾ 2020 ജനുവരി മാസം 17-ാം തീയതി രാവിലെ 10 മണിയ്ക്ക് തൊടുപുഴ മാതാ ആർക്കേഡിൽ പ്രവർത്തിക്കുന്ന ജലനിധിയുടെ റീജിയണൽ ഓഫീസിൽ അസ്സൽ സർട്ടിഫിക്കറ്റുകൾ അടക്കം ഹാജരാകേണ്ടതാണ്.